## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 231** — **30.11.2015-ൽ മറുപടിക്ക്**

### എ.സി. ഹനീഫയുടെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ ചാവക്കാട്ടെ കോൺഗ്രസ്സ് പ്രവർത്തകനായ എ.സി. ഹനീഫയുടെ കൊലപാതകത്തെ തുടർന്ന്, കെ.പി.സി.സി ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പ്രസിഡന്റ് ഗോപ പ്രതാപനെ കോൺഗ്രസ്സ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്, കൊലപാതകം സംബന്ധിച്ച് അന്വേഷിക്കുന്ന പോലീസ് സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മാദ്ധ്യമ വാർത്തകളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ്; സംഭവത്തിനുത്തരവാദികളായ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; ആരെയെല്ലാമാണ് ഇനി അറസ്റ്റു ചെയ്യുവാനുള്ളത്; | (ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം നം. 1264/15-ാം കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ പ്രതികളായ ഷെമീർ, അൻസാർ, അഫ്സൽ, ഷംസീർ, റിൻഷാദ്, ഫസലു @ ഫസലുദ്ദീൻ, സിദ്ധീഖ്, സൈനുൽ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇനി ആരെയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയില്ല. |
| (സി) കേസുമായി ബന്ധപ്പെട്ട കെ.പി.സി.സി. ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ, സംഭവത്തിന്റെ തെളിവായി സ്വീകരിച്ചിട്ടുണ്ടോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ